ബോധവും ശീലവും—ശുചിത്വത്തിൽ

കുറ്റിപ്പുഴ കൃഷ്ണപിള്ള

ബോധവും ശീലവും—ശുചിത്വത്തിൽ

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Road with Boy, a painting by Laurits Andersen Ring (1854–1933). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ബോധവും ശീലവും—ശുചിത്വത്തിൽ

ബോധം, ആചരണം എന്ന രണ്ട് സുപ്രധാന ഘടകങ്ങളുണ്ട് വിദ്യാഭ്യാസത്തിൽ. ഒരു വിഷയത്തെപ്പറ്റി ബോധം തെളിയുകയാണ് ഒന്നാമത് വേണ്ടത്. രണ്ടാമത്തേതാണ് ആചരണം. ബോധത്തിനനുസരിച്ച് ആചരണമില്ലെങ്കിൽ ആ ബോധംകൊണ്ടെന്ത് പ്രയോജനം? അപ്പോൾ അത് ഒരജഗളസ്തനമാകുകയേ ഉള്ളു. ആചരണം നിത്യേന തുടരുമ്പോഴാണ് അത് ശീലമായിത്തീരുന്നത്. ഇങ്ങനെ നോക്കുമ്പോൾ ബോധോദയത്തെക്കാൾ പ്രധാനവും പ്രയാസമേറിയതുമാണ് ശീലമെന്ന് മനസ്സിലാകും. ബോധമുണ്ടായിട്ടും അതനുസരിച്ച് ജീവിക്കാത്തവരും അത് ശീലമാക്കാത്തവരുമല്ലേ നമ്മിലധികം പേരും? ഈ വസ്തുത പകൽപോലെ തെളിഞ്ഞുകാണുന്നത് ശുചിത്വവിഷയത്തിലാണ്.

ശുചിത്വം ദുർഗ്രഹമായ ഒരു വിഷയമല്ല. അതിനെപ്പറ്റി സാമാന്യബോധമെങ്കിലുമുള്ളവരാണ് മിക്ക പേരും. എന്നാൽ, അത് ആചരണത്തിൽ കൊണ്ടുവന്ന് ശീലമാക്കിത്തീർത്തിട്ടുള്ളവർ എത്ര പേരുണ്ട്? അശുചിയായി ജീവിച്ച് ശീലിച്ചവന് ബോധമുണ്ടായാലും പ്രയോജനമില്ല. ശീലിച്ചതേ പാലിക്കയുള്ളൂ എന്നുണ്ടല്ലോ. ബോധപ്രകാശത്തിൽ അതിന് മാറ്റം വരുത്താൻ മനഃപൂർവമായ യത്നംതന്നെ വേണ്ടിവരും. ശുചിത്വം ബാഹ്യമായിട്ടും ആഭ്യന്തരമായിട്ടും പാലിക്കേണ്ടതുണ്ട്. ഇതിൽ ബാഹ്യശുദ്ധി മാത്രമേ ഇവിടെ പരിഗണിക്കുന്നുള്ളു. ശരീരം, ഗൃഹം, പരിസരം, ഗ്രാമം, നഗരം ഇത്യാദിയിലെ ശുചിത്വം ഇതിലുൾപ്പെടുന്നു. സദ്വൃത്തിമൂലകമായ മനശ്ശുദ്ധിയാണ് രണ്ടാമത്തേത്. ഇത് താരതമ്യേന പ്രയാസമേറിയതാണെന്നുള്ളതിന് സംശയമില്ല. പുറമേ ശുചിയും അകമേ അശുചിയുമായി ജീവിക്കുന്നവർക്ക് യാതൊരു ക്ഷാമവുമില്ലല്ലോ നമ്മുടെ നാട്ടിൽ. എന്നാൽ, പ്രയാസമില്ലാത്തതുപോലും ഒരു ശീലമാക്കിത്തീർക്കുന്നതിൽ നമ്മിലെത്രപേർ ശ്രദ്ധിക്കാറുണ്ട്?

വലിയ പഠിപ്പും പാസ്സുമുള്ള ഒരു മാന്യൻ ഒരിക്കൽ ഇതെഴുതുന്ന ആളുടെ വസതിയിൽ വന്നു. അദ്ദേഹം ഓമനിച്ച് വളർത്തുന്ന ഒരു കുട്ടിയും കൂടെയുണ്ടായിരുന്നു. ജലദോഷം പിടിച്ച് ചെളികെട്ടിയ മുഖമായിരുന്നു കുട്ടിയുടേത്. വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയിൽ അച്ഛൻ മകന്റെ മൂക്കുപിഴിഞ്ഞെടുത്തതുമുഴുവൻ ഒരു ശങ്കയും കൂടാതെ മുമ്പിൽക്കണ്ട മേശവിരിപ്പിന്റെ ഒരറ്റത്ത് പ്രതിഷ്ഠിച്ചു. ഇത് എത്രയോ കൊല്ലംമുമ്പ് നടന്നതാണെങ്കിലും അന്ന് മനസ്സിൽ തറച്ചുകയറിയ അറപ്പ് ഇന്നും വിട്ടുപോയിട്ടില്ല. ശുചിത്വബോധമില്ലാത്തതുകൊണ്ടാണോ ആ മനുഷ്യൻ ഈ വൃത്തികേട് കാണിച്ചത്? അല്ല. അയാൾ ശീലിച്ചത് പാലിച്ചുവെന്നേയുള്ളു. ഇനി മറ്റൊരു സംഭവം പറയാം; തിരുവനന്തപുരത്ത് കലാശാലാവിദ്യാർത്ഥികളുടെ സമ്മേളനത്തിൽ ഒരു പാശ്ചാത്യ പണ്ഡിതൻ പ്രസംഗിച്ചുകൊണ്ട് നില്ക്കയായിരുന്നു. സാമൂഹ്യമായ ശുചിത്വം എന്നതായിരുന്നു പ്രസംഗവിഷയം. ഇന്ത്യക്കാർക്ക് പരിസരങ്ങൾ മലിനമാക്കാൻ ഒരു മടിയുമില്ലെന്നും സാമൂഹ്യശുചിത്വത്തിൽ അവർ പാശ്ചാത്യരെ കണ്ട് പഠിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. തദവസരത്തിൽത്തന്നെ ശ്രോതാക്കളിലൊരുവൻ മൂക്കുപിഴിഞ്ഞ് ചുവരിൽ തുത്തുകൊണ്ടിരുന്നത് കണ്ടുപിടിച്ച് താൻ പറഞ്ഞതിനൊരു ദൃഷ്ടാന്തമായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. അത് സദസ്സിൽ കൂട്ടച്ചിരിയുണ്ടാക്കിയെന്ന് പറയേണ്ടതില്ലല്ലോ.

അക്ഷരംപ്രതി പരമാർത്ഥമല്ലേ ആ പണ്ഡിതൻ പറഞ്ഞത്? നമ്മൾ പാശ്ചാത്യരെക്കാൾ എത്രയെത്ര പിന്നിലാണ് ഇക്കാര്യത്തിൽ! സ്വന്തം ദേഹത്തിൽനിന്ന് അഴുക്ക് നീക്കണമെന്നുള്ളതല്ലാതെ അത് എവിടെ വീഴ്ത്തണമെന്ന കാര്യം നാം ചിന്തിക്കുന്നതേയില്ല. കാണുന്നിടമെല്ലാം തുപ്പിനിറച്ചും തരം കിട്ടുന്നിടത്തെല്ലാം മലമൂത്രവിസർജനം ചെയ്തുമാണ് നമ്മുടെ പോക്കെന്ന് ആൾത്തിരക്കുള്ള സ്ഥലങ്ങൾ നോക്കിയാലറിയാം. അതും പോരെങ്കിൽ നഗരങ്ങളിൽ മുനിസിപ്പാലിറ്റി സ്ഥാപിച്ചിട്ടുള്ള മൂത്രപ്പുരകൾ നോക്കിയാൽ മതി. ശുചിത്വത്തിൽ നാം ഇന്നും വെറും കാടന്മാരാണെന്ന് അവ വിളിച്ചുപറയുന്നുണ്ട്. പരിഷ്കൃതരീതിയിലുള്ള 'യൂറിനൽ' ഉണ്ടായിട്ടും അതിനുള്ളിൽ മൂത്രമൊഴിക്കാതെ ചുറ്റുമുള്ള ചുവരുകൾ വൃത്തികേടാക്കുന്ന ശ്വാനവാസന ബിരുദധാരികളുടെയിടയിൽപ്പോലും കാണുന്ന സ്ഥിതിക്ക് അറിവില്ലാത്തവരെ കുറ്റപ്പെടുത്തുന്നതെന്തിന്? ടാറിട്ട് മിനുസപ്പെടുത്തി വൃത്തിയാക്കിയിട്ടുള്ള റോഡിന്റെ നടുക്ക് മുറുക്കിത്തുപ്പി രക്തക്കളം സൃഷ്ടിക്കുക സർവസാധാരണമായിത്തീർന്നിരിക്കയാണ്. വിരലിൽ തുപ്പൽ പുരട്ടി കടലാസ്സ് മറിക്കയും കറൻസിനോട്ടെണ്ണുകയും ചെയ്യാത്തവർ ഇപ്പോളുണ്ടെന്ന് തോന്നുന്നില്ല. അതൊരു പരിഷ്കാരലക്ഷണമായിട്ടുപോലും തീർന്നിട്ടുണ്ട്. ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ ഒരുവട്ടം സഞ്ചരിച്ചുകഴിയുമ്പോഴേക്കും വിരൽത്തുമ്പുവഴിക്കുള്ള ഇത്തരം ബഹുജനജിഹ്വാസമ്പർക്കംമൂലം ലക്ഷോപലക്ഷം രോഗാണുക്കൾ അവയിൽ പറ്റിക്കൂടിക്കാണും. ദേഹശുദ്ധിയിൽ നമ്മൾ സായ്പിനേക്കാൾ മെച്ചപ്പെട്ടവരാണെന്ന് ചിലർ വാദിക്കാറുണ്ട്. പക്ഷേ, പരിസരശുദ്ധിയില്ലെങ്കിൽ ദേഹശുദ്ധികൊണ്ടെന്ത് ഫലം? വീട്ടിനുള്ളിലെ എല്ലാ അഴുക്കുകളും വാരിക്കൂട്ടി പബ്ലിക് റോഡിലേക്കെറിയുന്ന ദുശ്ശീലം നഗരങ്ങളിലെവിടെയും കാണുന്നുണ്ട്. മുനിസിപ്പൽ ലോറി വന്ന് നീക്കംചെയ്യുന്നതുവരെ അവ തങ്ങളുടെയും അയൽവാസികളുടെയും ആരോഗ്യത്തെ ഹനിച്ചുകൊണ്ടിരിക്കയാണെന്ന വസ്തുതയെ ഈ പാപം ചെയ്യുന്നവർ ഓർമിക്കുന്നില്ല. എന്തുകൊണ്ടാണ് അഭ്യസ്തവിദ്യരുടെയിടയിൽപ്പോലും ഇതൊക്കെ സംഭവിക്കുന്നതെന്ന് പര്യാലോചിക്കുമ്പോൾ മനസ്സിലാകും ബോധത്തെക്കാൾ ശീലത്തിനുള്ള പ്രാധാന്യം.

ബാഹ്യവും ആഭ്യന്തരവുമായ ശൗചം ഉത്തമജീവിതത്തിന് അത്യാവശ്യമാണെന്ന് നവീന ഗ്രന്ഥങ്ങൾ മാത്രമല്ല പ്രാചീനഗ്രന്ഥങ്ങളും ഉദ്ഘോഷിച്ചിട്ടുണ്ട്. ഭഗവദ്ഗീതയിൽ ജ്ഞാനത്തിന്റെ ഘടകങ്ങൾ പ്രതിപാദിക്കുന്നിടത്ത് 'ആചാര്യോപാസനം ശൗചം മൗനമാത്മവിനിഗ്രഹഃ' എന്ന് ശൗചത്തെയും ഉൾപ്പെടുത്തിയിരിക്കുന്നു. ശാകുന്തളത്തിൽ ശാരദ്വതമുനി നഗരവാസികളെ നോക്കിയത് ശുചി അശുചിയെ വെറുപ്പോടുകൂടി നോക്കുന്നതുപോലെയായിരുന്നുവത്രേ. അതായത്, അശുചികൾ ദൂരതഃത്യാജ്യരാണ്. അവരെ അടുപ്പിക്കാൻ കൊള്ളുകില്ലെന്ന് ചുരുക്കം. ആരോഗ്യപരിപാലനത്തിനുള്ള ശൗചവിധികളെപ്പറ്റി അഷ്ടാംഗഹൃദയത്തിൽ സവിസ്തരം നിരൂപിക്കുന്നുണ്ട്. പക്ഷേ, ഈ പ്രാചീനഗ്രന്ഥങ്ങളെല്ലാം, മറ്റ് പലതിലുമെന്നപോലെ ശൗചവിധിയിലും പ്രധാനമായി വ്യക്തിജീവിതത്തെ അവയിലെ അനുശാസനങ്ങൾകൊണ്ട് മാത്രം തൃപ്തിപ്പെടാവുന്നതല്ല. വ്യക്തി നന്നായാൽ സമൂഹം നന്നാകുമെന്ന് സാമാന്യധാരണ ഒരളവുവരെ മാത്രമേ ശരിയാകൂ. വ്യക്തിജീവിതത്തിന് ആവശ്യമില്ലാത്ത പലതും സാമൂഹ്യജീവിതത്തിന് വേണ്ടിവരും. ജനപ്പെരുപ്പവും വ്യവസായവൽകരണവുംമൂലം അദൃഷ്ടപൂർവമായ ഒരു സാമൂഹ്യജീവിതമാണ് ഇന്ന് നഗരങ്ങളിൽ വളർന്നുവരുന്നത്. ആ നിലയിൽ ആരോഗ്യപരിപാലനത്തിന് മുമ്പില്ലാതിരുന്ന പല നിയമങ്ങളെയും നിയന്ത്രണങ്ങളെയും നാം സ്വീകരിക്കേണ്ടിവരും. പൊതുജനാരോഗ്യം നിലനിന്നെങ്കിലേ വ്യക്തികളുടെ ആരോഗ്യം സുരക്ഷിതമാകൂ എന്ന ബോധം തെളിയണം. തെളിഞ്ഞാൽ മാത്രം പോരാ, അതനുസരിച്ച് ശുചിയായി പെരുമാറാനുള്ള ശീലം വളർത്തിക്കൊണ്ടുവരുകയും വേണം. ശീലമാണ് പ്രധാനം, ബോധമല്ല. 'സർവേഷാമപി സർവകാരണമിദം ശീലം പരം ഭൂഷണം' എന്ന ഭർത്തൃഹരിവാക്യം സദാപി സ്മർത്തവ്യമാകുന്നു.

(മാനസോല്ലാസം 1961)

□

കുറ്റിപ്പുഴ കൃഷ്ണപിള്ള

ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.